6
ആഗസ്റ്റ് 2023
ഞായർ
Pages- 6
Vol. 2 Issue 184

# ക്രിസ്ത്യൻലൈവ് ദിനപത്രം

On the Battlefield for the Great Commission
CNL7 MEDIA
553

# അഭയാർഥികളെ അതിഥികളാക്കി ; 30 പേർ ക്രിസ്തുവിലേക്ക്



പേജ് 3 കാണുക

# മണിപ്പൂർ കലാപം: വെടിവെയ്പ്പിൽ മരണം ആറായി



എഡിറ്റോറിയൽ

ക്രിസ്ത്യൻ ലൈവ്

2023 ആഗസ്റ്റ് 6ഞായർ



# കയ്യിൽ കരുതിയിട്ടുണ്ടോ പ്രാർത്ഥനയുടെ കുടകൾ?

'എന്റെ മാതാവിന്റെ പ്രാർത്ഥന എന്നും എന്നെ പിന്തുടരുന്നു. അത് എപ്പോഴും എന്നെ കൊളുത്തിവലിക്കുന്നു' മഹാനായ ഏബ്രഹാം ലിങ്കണിന്റെ വാക്കുകളാണിത്.

ജീവിതത്തിൽ ഒരിക്കലും മാറ്റി നിർത്താനാവാത്ത കാര്യമാണ് പ്രാർത്ഥന. ദൈവത്തെ നിങ്ങളിലേക്കും നിങ്ങളെ ദൈവത്തിലേക്കും അടുപ്പിക്കാൻ പ്രാർത്ഥനയ്ക്ക് കഴിയുന്നു. ചോദിക്കട്ടെ, നിങ്ങൾ ഇന്ന് പ്രാർത്ഥനയ്ക്കായി എത്രമാത്രം സമയം മാറ്റി വെച്ചു?

ഒരിക്കൽ ഒരു സുഹൃത്ത് മറ്റൊരാളോട് ചോദിച്ചു: 'ഞാൻ കാണാൻ തുടങ്ങിയതു മുതൽ താങ്കൾ എന്നും പ്രാർത്ഥനയിലാണ്; അപ്പോൾ തന്നെ ഒരുപാട് പ്രശ്നങ്ങളും! ഈ പ്രാർത്ഥന കൊണ്ട് എന്തെങ്കിലും ഉപകാരമുണ്ടോ?'


പുറത്തേക്ക് ഇറങ്ങിയതും പെട്ടെന്ന് മഴ പെയ്തു തുടങ്ങി. കുട നിവർത്തി യാത്ര തുടരുമ്പോൾ ഞാൻ ചോദിച്ചു: ' സുഹൃത്തേ , ഈ മഴ പെയ്യുമ്പോഴൊക്കെ നിങ്ങൾ കുട നിവർത്താറുണ്ടല്ലോ; ഈ കുട നിവർത്തുന്നത് കൊണ്ട് എപ്പോഴെങ്കിലും മഴ നിൽക്കാറുണ്ടോ?'

ഇല്ലെന്നായിരുന്നു മറുപടി. പക്ഷേ മഴയത്ത് നനയാതെ നില്ക്കാനുള്ള സാഹചര്യം കുട ഒരുക്കുന്നു. ഇതുപോലെ തന്നെയാണ് പ്രാർത്ഥനയും. പ്രാർത്ഥിക്കുമ്പോൾ, പ്രശ്നങ്ങളും പ്രതിസന്ധികളും മാറും; ഇല്ലെങ്കിലും പ്രശ്നത്തിൽ നിന്നും ഒളിച്ചോടാതെ നിൽക്കാനുള്ള പ്രാഗൽഭ്യം നമുക്ക് ഒരുക്കും!

മഴയത്ത് നനയാതെ നിൽകാനുള്ള സാഹചര്യം ഒരുക്കുന്നത് കുടയാണ്; പക്ഷേ പ്രശ്നങ്ങളിൽ നിന്ന് രക്ഷപെടാനുള്ള സാഹചര്യം ഒരുക്കുന്നത് പ്രാർത്ഥനയും!

നീതിമാന്റെ പ്രാർത്ഥന വളരെ ശക്തിയുള്ളതാണ്; ഫലദായകമാണ്. നമുക്ക് ചുറ്റുമുള്ള അനേകർ പ്രശ്നങ്ങളിൽ കുടുങ്ങി നിൽക്കുമ്പോൾ, അവർക്ക് കൊടുക്കാനുള പ്രാർത്ഥനയുടെ കുടകൾ ഇപ്പോൾ നമുക്ക് കയ്യിൽ കരുതാം.

**ബ്ലസ്സിൻ ജോൺ മലയിൽ**



# ഇതെന്റെ കഥ നിങ്ങളുടേതും



**ഷിജു മാത്യു, ഇഞ്ചത്തുണ്ടിയിൽ**

എന്തൊക്കെയോ തട്ടും മുട്ടും കേട്ടാണ് കൊച്ചു ബാലനായ ഞാൻ (ലോത് ) ഉറക്കത്തിൽ നിന്ന് എഴുന്നേൽക്കുന്നത്.

വെളിയിൽ വന്നു നോക്കുമ്പോൾ ദൃതിയിൽ സാധനങ്ങൾ കെട്ടിപ്പെറുക്കുന്ന അബ്രാം പേരപ്പനെയും സാറായ് കൊച്ചമ്മയുമാണ് ഞാൻ കാണുന്നത്.

അവർക്കു ചുറ്റും താടിക്കു കൈ വച്ച് കൊച്ചപ്പനും വല്യപ്പനും വിഷമത്തോടെ ഇരിക്കുന്നുണ്ട്.

എന്തൊകെയൊ സംസാരം നടക്കുന്ന്നുണ്ട്.തർക്കങ്ങളും ചെറിയ പരിഭവം പറച്ചിലും ഇതിനിടയിൽ ഉയർന്നു വരുന്നുണ്ട്.

അബ്രാമാണേൽ ഒന്നിനും വഴങ്ങുന്നുമില്ല. പുള്ളി അല്ലേലും പണ്ടേ അങ്ങനാ,ഒരു തീരുമാനം എടുത്താൽ പിന്നെ മറിച്ചൊരു ആലോചന ഇല്ല.നാഹോർ കൊച്ചപ്പൻ പൊതുവെ അബ്രാം പറയുന്നതിന് എതിര് പറയാറില്ല.
വല്യപ്പനും അങ്ങനെ തന്നാ, പുറമെ ഗൗരവം കാണിച്ചാലും അബ്രാം പറയുന്നത് വല്യപ്പനും ശെരി വയ്ക്കും.

കാരണം ഈ കുടുംബത്തെ ഈ നിലയിൽ എത്തിക്കാൻ അബ്രാം ചില്ലറയൊന്നുമല്ല കഷ്ടപെട്ടതെന്നു വല്യപ്പൻ മിക്കപ്പഴും പറയാറുണ്ട്. ഇതൊക്കെ പറഞ്ഞാലും
അബ്രാമിനും സാറായി കൊച്ചമ്മയ്ക്കും എന്നെ വല്യ കാര്യമാ. മക്കളില്ലാത്ത അവർക്ക് സ്വന്തം മകനെ പോലെ ആയിരുന്നു ഞാൻ.
അവസാനം ഇന്ന് രാത്രി തന്നെ ഞാനും നിങ്ങളുടെ ഒപ്പം വരുന്നു എന്നു വല്യപ്പൻ പ്രഖ്യാപിച്ചു.

എനിക്കാണേൽ അവർ പറയുന്നതൊന്നും മനസിലായതുമില്ല.ദൈവ ശബ്ദം കേട്ടെന്നും ,എവിടേക്കാണ് പോകുന്നതെന്ന് അറിയില്ലെന്നുമൊക്കെ പറയുന്നത് കേൾക്കാം .

ദിവസവും രണ്ടും മൂന്നും ദൈവങ്ങളെ ഉണ്ടാക്കി വിൽക്കുന്ന ഈ വീട്ടിൽ ഇത് വരെ ഒരു ദൈവവും സംസാരിക്കുന്നത് ഞാൻ കേട്ടിട്ടില്ല . അത് കൊണ്ട് തന്നെ ഇതിൽ ഏത് ദൈവമാണ് സംസാരിക്കുന്നത് എന്നു എനിക്ക് മനസിലായതുമില്ലാ.

എനികെന്തൊ വല്ലാതദേഷ്യം വന്നു . കൂട്ടുകാരോടൊന്നു യാത്ര പോലും ചോദിക്കാതെ പെട്ടന്ന് പോകാൻ ഒട്ടും മനസ്സില്ലായിരുന്നു.

എന്നാൽ പിന്നീടുള്ള മരുഭൂ യാത്ര അല്പം ദുഷ്കരമായിരുന്നുവെങ്കിലും എനിക്ക് സന്തോഷമായിരുന്നു. കാരണം പുതിയ പുതിയ സ്ഥലങ്ങളിൽ കൂടാരമടിക്കുകയും പുതിയ ആളുകളെ കാണുകയുമൊക്കെ എനിക്ക് എന്തോ ഇഷ്ടപ്പെട്ടു.

അബ്രാം പേരപ്പനെ പോലെ ഇത്രയും നിശ്ചയദാതൃം ഉള്ള ഒരാളെ ഞാൻ കണ്ടിട്ടില്ല. മുമ്പിൽ എത്ര ശൂന്യത ആണെങ്കിലും ധൈര്യത്തോടെ അതിനു നേരിടാൻ ഒരു പ്രേത്യേക കഴിവ് തന്നെ അദ്ദേഹത്തിന് ഉണ്ടായിരുന്നു.

അബ്രഹാമിൽ നിന്നാണ് അഥിതി സൽക്കാരമെന്ന ഗുണം എനിക്കും ലഭിച്ചതും. ആളുകളുടെ വലിപ്പമോ ചെറുപ്പമോ നോക്കാതെ പാദം വരെ കുനിഞ്ഞു അതിഥികളെ അബ്രഹാം കൈകൊള്ളുമായിരുന്നു.
മക്കൾ ഇല്ലാത്തതിന്റെ പേരിൽ പരസ്പരം പഴി ചാരുകയോ കുറ്റം പറയുകയോ ചെയ്യാതെ എത്ര സന്തോഷകരം ആയിരുന്നു അവരുടെ കുടുംബ ജീവിതം.

കുറെ നാളുകൾക്കു ശേഷം വല്യപ്പൻ മരുഭൂമിയിൽ വച്ച് മരണം വരിച്ചു.

ആ വീട്ടിൽ എനിക്കൊരു കുറവുമില്ലായിരുന്നു.

എത്ര പെട്ടന്നാണ് കാലങ്ങൾ കടന്നു പൊയതു. പേരപ്പന്റെ കൂടെ ചെയ്ത എല്ലാ പ്രവർത്തികളിലും ദൈവം ഞങ്ങളെ ആ ദേശത്തു അനുഗ്രഹിച്ചു.

ഇതിനിടയിൽ എന്റെ കല്യാണം കഴിഞ്ഞ കാര്യം പറഞ്ഞില്ലാലോ.കല്യാണം കഴിച്ചു രണ്ടു മക്കളെയും ദൈവം എനിക്ക് തന്നു.

അപ്പന്റെ സ്ഥാനത്തായത് കൊണ്ട് അബ്രാം പേരപ്പനോട് ചോദിക്കാതെ ഞാനൊന്നും ചെയ്യില്ലായിരുന്നു. എന്റെ ഭാര്യക് അതത്ര പിടിക്കില്ലായിരുന്നുവെങ്കിലും ഒന്നും പുറത്തു കാണിക്കില്ലായിരുന്നു . സന്തോഷകരമായ ഒരു കാലഘട്ടം.

(തുടരും)

കവിത

# ദൈവത്തിന്റെ ചങ്ക്

പെറ്റമ്മ മറന്നാലും ഞാൻ
നിന്നെ മറക്കുകയില്ല
എന്നരുൾ ചെയ്ത തൻ
സ്രഷ്ടാവാം മാതാവിന്റെ
സ്നേഹതാരാട്ടു പാട്ടാണ്
ഇടയകുമാരനു
സങ്കീർത്തനങ്ങൾ...

സഹോദരങ്ങൾ അന്യനെന്ന്
തന്നെ കണ്ടപ്പോൾ
മാർവ്വോട് ചേർത്തണച്ച്
നെറുകയിൽ ചുംബിക്കുന്ന
തൻ സ്വർഗ്ഗതാതന്റെ
സ്നേഹതലോടലാണ്
ഇടയകുമാരനു
സങ്കീർത്തനങ്ങൾ...

ഏകാന്തവേളയിൽ തൻ
ചാരത്തായി ഓടിയെത്തി
ഹൃദയത്തിൻ മുറിവുകളെ
നീക്കം ചെയ്ത്
രസിപ്പിച്ചീടുന്ന തൻ
സ്നേഹിതനും
സഹോദരനുമായി
തീർന്നീടുന്നു
ഇടയകുമാരനു
സങ്കീർത്തനങ്ങൾ...

ശത്രുക്കൾ തന്റെ പ്രാണനായി
വേട്ടയാടീടുമ്പോൾ
ആശ്വാസവും ബലവും
ധൈര്യവും രക്ഷയുമേകീടുന്ന
സ്വർഗ്ഗീയ സംരക്ഷണത്തിൻ
വേലിയായി മാറീടുന്നു
ഇടയകുമാരനു
സങ്കീർത്തനങ്ങൾ...

സങ്കീർത്തനങ്ങൾക്കുള്ളിൽ
മറഞ്ഞിരിക്കുന്ന
ദൈവസ്നേഹത്തിൻ
വ്യത്യസ്ത ഭാവങ്ങളെ
രുചിച്ചറിഞ്ഞ
ഇടയകുമാരനാം ദാവീദ്
ദൈവത്തിന്റെ ഉറ്റചങ്കായി
മാറീ...



ഷിജി ഏബ്രഹാം.
പട്ടാഴി

Christian Live (Malayalam) Advertisement Tariff

| Full Page | Quarter Page |
| --- | --- |
| Front – 5000 INR | Front - 1250 INR |
| Back – 4000 INR | Back - 1000 INR |
| Inside- 3000 INR | Inside- 750 INR |
| **Half Page** | **Half of Quarter Page** |
| Front - 2500 INR | Front - 750 INR |
| Back- 2000 INR | Back - 500 INR |
| Inside -1500 INR | Inside- 250 INR |

ഒരേ സമയത്ത് ഒന്നിലേറെ ദിവസങ്ങളിൽ പരസ്യങ്ങൾ നൽകുന്നവർക്ക് പ്രത്യേക ഇളവുകൾ ഉണ്ടായിരിക്കും

EDITORIAL BOARD

Chief Editor: Blessin John Malayil
Managing Editor: Aji George
Publisher: Nelson George

Editors:
Pr Sajo Thonikkuzhiyil
Pr. Titus Johnson
Pr. Sam Elambal
Joji Iype Mathews
Pr. Shibu Thomas , Oklahoma .

+91 9188522220 +91 9846552220
Email: cnl7news@gmail.com

Layout: Shaji Vazhoor ... 9656571354

# തൊഴിലാളികളെ അതിഥികളാക്കി ; 30 പേർ ക്രിസ്തുവിലേക്ക്

അറ്റ്ലാന്റ്: ജോർജിയായിൽ റോഷെലിയിലെ ഫസ്റ്റ് ബാപ്റ്റിസ്റ്റ് ചർച്ച് ശുശ്രൂഷകനായ പാസ്റ്റർ റിച്ചാർഡ് കോംപ്ടൺ തന്റെ സഭയിലേക്ക് ഡസൻ കണക്കിന് മെക്സിക്കൻ അഭയാർത്ഥി തൊഴിലാളികൾക്കായി ഒരു അത്താഴം ഒരുക്കി. ഒപ്പം ഒരു സുവിശേഷ സന്ദേശവും. ഇവർ തന്റെ ചർച്ചിലെ ഡീക്കന്മാരിലൊരാളായ ഡോൺ വുഡ്സിന്റെ തണ്ണിമത്തൻ കൃഷിത്തോട്ടത്തിൽ വിളവെടുപ്പു നടത്താൻ വന്നവരാണ്. വിളവെടുപ്പിന്റെ അവസാന ദിവസമാണ് അത്താഴ വിരുന്നൊരുക്കിയത്.സാധുക്കളായ 60 പേർ സംബന്ധിക്കുകയുണ്ടായി. ഇവരിൽ പകുതി പേരാണ് സുവിശേഷ സന്ദേശം കേട്ട് രക്ഷിക്കപ്പെട്ടത്.

മത്തായിയുടെ സുവിശേഷം 24ാം അദ്ധ്യയത്തെയും 28ാം അദ്ധ്യായത്തിലെ 19ാം വാക്യത്തെയും ആസ്പദമാക്കി ദൈവവചനം പ്രസംഗിച്ചപ്പോൾ ഇവർ വചനം കേട്ട് വിശ്വസിക്കുകയായിരുന്നുവെന്ന് പാസ്റ്റർ കോംപ്ടൺ പറഞ്ഞു.വേദികളാക്കി ഘോരഘോരം പ്രസംഗിക്കുന്നവരാണ് ഭൂരിപക്ഷം സുവിശേഷ പ്രസംഗകരും. പലയിടങ്ങളിലും ആളുകൾ എത്താറുമുണ്ട്. ഡോൺവുഡ്സ് എല്ലാ വർഷവും വിവിധ രാജ്യങ്ങളിൽ നിന്നുള്ള ഇതുപോലെയുള്ള ആളുകളെ കരാർ വ്യവസ്ഥയിൽ ജോലിക്കായി കൊണ്ടുവരികയും താമസിക്കുന്ന സ്ഥലത്തു അത്താഴം ഒരുക്കാറുമുണ്ട്.

എന്നാൽ ഈ പ്രാവശ്യം തന്റെ ചർച്ചിൽ വച്ചു നടത്തണമെന്നു പാസ്റ്റർ കോംപ്ടൺ ആവശ്യം ഉന്നയിക്കുകയുമായിരുന്നു. ഇത് ദൈവീക നിയോഗമായിരുന്നുവെന്നും ഇതുപോലെ ആളുകളുടെ സ്ഥിതി മനസ്സിലാക്കി അവരോട് ഇടപഴകി പ്രവർത്തിച്ചാൽ !, ദൈവവചനം പങ്കുവെച്ചാൽ അവർ തീർച്ചയായും ഏറ്റെടുക്കുമെന്നും തന്റെ അനുഭവത്തിലൂടെ മനസ്സിലായെന്നും 57 കാരനായ കോംപ്ടൺ പറയുന്നു. ആളുകളെ ആരാധനാലതിലേക്കു ക്ഷണിക്കുമ്പോൾ, ക്രിസ്തുവുമായുള്ള ബന്ധത്തിന്റെ പ്രാധാന്യവും പള്ളിയിൽ പോകേണ്ടതിന്റെ പ്രാധാന്യവും ആളുകളുമായി പങ്കിടുന്ന പ്രക്രിയ ആരംഭിക്കുന്നു. ഭയവും സമയമാനേജുമെന്റ് പ്രശ്നങ്ങളും പലപ്പോഴും ക്രിസ്ത്യാനികളെ അവരുടെ അപരിഷ്കൃത സുഹൃത്തുക്കൾക്കും കുടുംബാംഗങ്ങൾക്കും സഹപ്രവർത്തകർക്കും ക്ഷണം നൽകുന്നതിൽ നിന്ന് തടയുന്നുവെന്ന് കോംപ്റ്റൺ പറഞ്ഞു. അടുത്ത വർഷം ഇതിനേക്കാൾ വിപുലമായി ക്രമീകരണം നടത്താനുള്ള ആലോചനയിലും പ്രാർത്ഥനയിലുമാണ് പാസ്റ്റർ കോംപ്ടൺ .



# ഐപിസി ഫാമിലി കോൺഫറൻസ് പ്രയർ ലൈൻ

ബോസ്റ്റൺ: 2024 ആഗസ്റ്റ് 08 മുതൽ 11 വരെ ബോസ്റ്റണിൽ ബോക്സ്ബോറോ റീജെൻസി ഹോട്ടൽ കൺവെൻഷൻ സെന്ററിൽ നടക്കുന്ന 19ാമത് ഐപിസി ഫാമിലി കോൺഫറൻസിന്റെ അനുഗ്രഹത്തിനായി വിവിധ പ്രാർത്ഥനാ സഹകാരികളെ പങ്കെടുപ്പിച്ചു കൊണ്ട് ഐപിസി ഫാമിലി കോൺഫറൻസ് പ്രയർ ലൈൻ പ്രവർത്തനം ആരംഭിക്കുന്നു.

ആഗസ്റ്റ് 08 ചൊവ്വാഴ്ച വൈകിട്ട് 9 മണിക്ക് (ഈസ്റ്റേൺ സമയം) സും മീറ്റിംഗായി കൂടുന്ന പ്രത്യേക യോഗത്തിൽ നാഷൺവീനർ പാസ്റ്റർ ഡോ. തോമസ് ഇടുക്കള പ്രയർ ലൈൻ ഉദ്ഘാടനം ചെയ്യും. പാസ്റ്റർ ബാബു ചെറിയാൻ അനുഗ്രഹ പ്രഭാഷണം നടത്തും. നാഷണൽ പ്രയർ കോർഡിനേറ്റർമാരയ പാസ്റ്റർ പി.വി. മാമ്മൻ, പാസ്റ്റർ ജോയി വർഗീസ്, ലോക്കൽ പ്രയർ കോർഡിനേറ്റർ പാസ്റ്റർ ഡോ. ജോൺ മാമ്മൻ എന്നിവർ തുടർന്നുള്ള ദിവസങ്ങളിൽ പ്രയർലൈന് നേതൃത്വം നൽകും.
എല്ലാ ചൊവ്വാഴ്ചകളിലും ഈസ്റ്റേൺ സമയം വൈകിട്ട് 9 മണി മുതൽ 10 മണിവരെ പ്രയർ ലൈൻ ഉണ്ടായിരിക്കുമെന്ന് നാഷണൽ സെക്രട്ടറി വെസ്ലി മാത്യു അറിയിച്ചു. ഐപിസി ഫാമിലികോൺഫറൻസ് 2024 ദേശീയ ഭാരവാഹികളായ പാസ്റ്റർ ഡോ. തോമസ് ഇടുക്കള (കൺവീനർ), ബ്രദർ വെസ്ലി മാത്യു (സെക്രട്ടറി), ബ്രദർ ബേവൻ തോമസ് (ട്രഷറർ), ഡോ. മിനു ജോർജ് (യൂത്ത് കോർഡിനേറ്റർ), സിസ്റ്റർ രെഷമ തോമസ് (ലേഡീസ് കോർഡിനേറ്റർ എന്നിവരോടൊപ്പം നിലവിലുള്ള നാഷണൽ, ലോക്കൽ കമ്മിറ്റികൾ 2024 ലെ കോൺഫറൻസിന്റെ സുഗമമായ നടത്തിപ്പിനായി പ്രവർത്തിച്ചു വരുന്നു. Zoom ID: 874 3299 9289 Password: ipc. Phone: 929 205 6099 Code: 87432999289

# മണിപ്പൂർ കലാപം: വെടിവെയ്പ്പിൽ മരണം ആറായി




ഇംഫാൽ : മണിപ്പൂരിൽ സംഘർഷങ്ങൾക്ക് അയവില്ല. ബിഷ്ണുപുർ ചുരാചന്ദ്പൂർ മേഖലകളിലുണ്ടായ വെടിവെയ്പ്പിൽ മരണം ആറായി. അതേ സമയം അക്രമികൾ കവർന്ന ആയുധങ്ങൾ തിരിച്ച് പിടിക്കാനുള്ള നടപടികൾ മണിപ്പൂർ പൊലീസ് ആരംഭിച്ചു. സംഘർഷം രൂക്ഷമായ മണിപ്പൂരിൽ കഴിഞ്ഞ 24 മണിക്കൂറിനിടെ അച്ഛനും മകനും ഉൾപ്പെടെ ആറ് പേർ വെടിയേറ്റ് മരിച്ചു. ബിഷ്ണുപൂർ ചുരാചന്ദ് പൂർ അതിർത്തി മേഖലയിലുണ്ടായ ആക്രമണങ്ങളിൽ പതിനാറോളം പേർക്ക് പരുക്കേറ്റു. ബിഷ്ണുപൂരിൽ സൈന്യത്തിന് നേരെയും വെടിവെപ്പുണ്ടായി. സംഭവത്തിൽ പരുക്കുകളോടെ ഒരാളെ അറസ്റ്റ് ചെയ്തു. സൈന്യം നിശ്ചയിച്ചിരുന്ന ബഫർ സോൺ കടന്നായിരുന്നു ആക്രമണം.

ഇംഫാലിൽ നിരവധി വീടുകൾ അഗ്നിക്കിരയാക്കി. കവർച്ച ചെയ്യപ്പെട്ട ആയുധങ്ങൾ തിരിച്ച് പിടിക്കാനുള്ള ശ്രമങ്ങൾ മണിപ്പൂർ പോലീസ് തുടങ്ങി. മെയ്തെയ് മേഖലയിൽ നിന്ന് 1057 ആയുധങ്ങളും 14201 വെടിയുണ്ടകളും കണ്ടെടുത്തു. കുക്കി മേഖലകളിൽ നിന്ന് 138 ആയുധങ്ങളും 121 വെടിയുണ്ടകളും കണ്ടെടുത്തതായാണ് പൊലീസിന്റെ കണക്കുകൾ വ്യക്തമാക്കുന്നത്. കുക്കി മെയ്തെയ് മേഖലകളിൽ പരിശോധന ശക്തമാക്കി. ഇംഫാൽ വെസ്റ്റ് ജില്ലയിലെ ടൂപോക്പി പോലീസ് ഔട്ട്പോസ്റ്റിൽ ആയുധങ്ങൾ തട്ടിയെടുക്കാൻ ശ്രമിച്ച ഒരാളെ അറസ്റ്റ് ചെയ്തു. അക്രമികൾ ഉപയോഗിച്ച കാറും കസ്റ്റഡിയിൽ എടുത്തതായി പൊലീസ് അറിയിച്ചു. സംസ്ഥാനത്തെ ക്രമസമാധാന നില വഷളായ സാഹചര്യത്തിൽ, ഇംഫാൽ ഈസ്റ്റ്, ഇംഫാൽ വെസ്റ്റ് ജില്ലകളിൽ കർഫ്യൂ ഇളവുകളുണ്ടാകില്ലെന്ന് പോലീസ് അറിയിച്ചിട്ടുണ്ട്.

ഞായർ ചിന്തകൾ

# ആവശ്യങ്ങൾ അന്വേഷണങ്ങളാകുമ്പോൾ...!



ഷാജൻ പാറക്കടവിൽ

അന്വേഷണം അവസാനിക്കുന്നില്ല. ചിലർ ചിലത് അന്വേഷിച്ചു കണ്ടെത്തി സംതൃപ്തിയടയുമ്പോൾ മറ്റു ചിലർ ഒരായുസ്സ് മുഴുവൻ അനന്തമായി അന്വേഷിച്ചിട്ട് കണ്ടെത്താൻ കഴിയാതെ നിരാശയോടെ അവസാനിക്കുന്നു. ഒരിക്കലും അസ്തമിക്കാത്ത ഒന്നായി മനുഷ്യനൊപ്പം സഞ്ചരിക്കുന്നതാണ് അവന്റെ അന്വേഷണം. ദൈവത്തെ അന്വേഷിക്കുന്നത് മുതൽ നിത്യ ജീവിതത്തിന്റെ ജയ പരാജയങ്ങളെ നിർണയിക്കുന്ന സകല കാര്യങ്ങളെയും അവൻ അന്വേഷിക്കുന്നു. അതിൽനിന്നും ആർജിക്കുന്ന ഊർജ്ജം കൊണ്ട് ജീവിതം കെട്ടിപ്പടുക്കുവാൻ അവൻ ശ്രമിച്ചുകൊണ്ടേയിരിക്കുന്നു.

ആവശ്യങ്ങളാണ് മനുഷ്യനെ അന്വേഷിക്കാൻ പ്രേരിപ്പിക്കുന്നത്. ആവശ്യങ്ങളില്ലെങ്കിൽ അന്വേഷണവും ഇല്ല. ആവശ്യങ്ങളോടൊപ്പം ആഗ്രഹങ്ങളും ഈ അന്വേഷണത്തിന്റെ പാതയിൽ അവനെ സജീവമാകുന്നു. അന്വേഷിച്ചു കണ്ടെത്തിയില്ല എന്ന് സ്വയം സംതൃപ്തിയോടെ ആഗ്രഹങ്ങളുടെ പടിയിറക്കം നടത്തുമ്പോൾ കാരണങ്ങൾക്ക് കുറിമാനമായി കുറിച്ചിടുന്നത് സാധ്യതകൾ അടയപ്പെട്ട അസാധ്യതകളുടെ മേലെഴുത്തുകൾ ആയിരിക്കാം. എന്നാൽ നിശ്ചയദാർഢ്യത്തോടുള്ള അന്വേഷണങ്ങൾ ഫലം കാണാതെ പോകുകയില്ല എന്ന യാഥാർത്ഥ്യം സ്വയം ബോധ്യപ്പെടുത്തുന്ന വനാണ് അന്വേഷിച്ച് കണ്ടെത്തുന്നത്. അസാധ്യം എന്ന മേൽ വിലാസങ്ങളിലല്ല സാധ്യതയെന്ന് ഉറപ്പിലാണ് അന്വേഷണ ത്വര പൂർത്തീകരിക്കപ്പെടുന്നത്. മനുഷ്യൻ അന്വേഷിച്ചിട്ട് കണ്ടെത്താത്ത ഒരു കാര്യവും ലോകത്തിൽ ഇതുവരെയും ഉണ്ടായിട്ടില്ല. അവന്റെ നഗ്ന ദൃഷ്ടിക്ക് പോലും ഗോചരമല്ലാത്ത എത്രയോ കാര്യങ്ങൾ അവൻ അന്വേഷിച്ചു കണ്ടെത്തി. ഇന്നും കണ്ടെത്തിക്കൊണ്ടേയിരിക്കുന്നു. അതിൽ മൂല്യമുള്ളതും മൂല്യം ഇല്ലാത്തതുമായ എത്രയോ കാര്യങ്ങൾ വിഷയീഭവിക്കുന്നു.മനുഷ്യന് ആഗ്രഹങ്ങൾ അവസാനിക്കുന്നില്ല ആവശ്യങ്ങളും. അതുകൊണ്ടുതന്നെ അവൻ എന്നും എപ്പോഴും അന്വേഷിച്ചു കൊണ്ടേയിരിക്കുന്നു.

അന്വേഷണങ്ങളുടെ ആത്യന്തിക സ്വത്വം തൃപ്തിയാണ്. തൃപ്തി വരാത്ത മനസ്സിന്റെ വിഹ്വലതകളും ആഗ്രഹങ്ങൾ പൂർത്തീകരിക്കാത്ത മനസ്സിന്റെ നൊമ്പരങ്ങളും അന്വേഷണത്തിന്റെ പാതയിലാണ്. വിജയത്തിന്റെ പാത മുദ്രകളിൽ ആലേഖനം ചെയ്യപ്പെടേണ്ട പുതിയ പെരുക്കങ്ങളും മുഴക്കങ്ങളും സൃഷ്ടിക്കപ്പെടുവാൻ മനുഷ്യൻ നടത്തുന്ന ശ്രമങ്ങളാണ് അന്വേഷണങ്ങൾ. ഇങ്ങനെ ഒരു ആയുസ്സ് മുഴുവൻ വൈവിധ്യമാർന്ന മാർഗ്ഗങ്ങൾ സ്വീകരിച്ച് മനുഷ്യൻ അന്വേഷണത്തിന്റെ പാതയിൽ എന്നും വ്യാപൃതനായിരിക്കുന്നു.

മനുഷ്യാ നീ എവിടെ എന്ന് ചോദ്യം ചോദിച്ചു കൊണ്ട് ദൈവം തന്നെ അന്വേഷണം ആരംഭിക്കുന്നു. സൗഭാഗ്യങ്ങളുടെ പറുദീസ നഷ്ടങ്ങളുടെ കേദാരമാക്കിയ മനുഷ്യൻ തന്നിൽ നിന്നും അകന്നു പോകുന്നത് കണ്ടു തനിലേക്ക് വീണ്ടും അടുപ്പിക്കാൻ ഉള്ള അന്വേഷണം ആരംഭിക്കുന്നു. വിശുദ്ധ ഗ്രന്ഥത്തിന്റെ താളുകളിലൂടെ നാം പരിചയപ്പെടുന്നത് ഇത്തരത്തിലുള്ള അന്വേഷണത്തിന് ചരിത്രമാണ്. നഷ്ടങ്ങൾ പേറിയ മനുഷ്യന് തന്റെ പൂർവാസ്തികത്വത്തിലേക്ക് മടങ്ങുവാൻ സ്വന്തം മകനെ തന്നെ ദൈവം അവതരിപ്പിക്കുന്നു. അന്വേഷിക്കുവാനും അന്വേഷിച്ചു കണ്ടെത്തുവാനുമായി നിരവധി മാർഗ്ഗങ്ങൾ അവതരിപ്പിച്ച ശേഷമാണ് ദൈവം തന്റെ മകനെത്തന്നെ മനുഷ്യന് കാണിച്ചുകൊടുക്കുന്നത്. അന്വേഷിച്ച് കണ്ടെത്താവുന്ന അമൂല്യമായത് എന്ന് അവൻ വിശ്വസിക്കുന്നുവോ അവിടെയാണ് അന്വേഷണം പൂർത്തീകരിക്കപ്പെടുന്നത്. രക്ഷയെന്ന ബൃഹത്തായത പദ്ധതിയാണ് ദൈവം മനുഷ്യനു മുമ്പിൽ അവതരിപ്പിച്ചത്. നഷ്ടങ്ങൾ നികത്തുവാനുള്ള അവന്റെ അന്വേഷണം ചെന്നെത്തേണ്ടതും ഈ പദ്ധതിയിലാണ്. എങ്കിൽ മാത്രമേ സംതൃപ്തമായ ഫലം അവൻ ലഭിക്കുകയുള്ളൂ. അനന്തമായ നീളുന്ന അവന്റെ അന്വേഷണത്തിന് ഒരു ഒരു അറുതി ഉണ്ടാകണമെങ്കിൽ അന്വേഷണം ശരിയായ ദിശയിൽ തന്നെ ആയിരിക്കണം. പക്ഷേ അറിഞ്ഞിട്ടും വീണ്ടും അറിയാൻ ആഗ്രഹിക്കുന്നതും തിരയുന്നതും ഒടുവിൽ കണ്ടെത്താൻ കഴിയില്ല എന്ന് വിധി പ്രഖ്യാപിച്ച സ്വയം നഷ്ടങ്ങളുടെ ഭാണ്ഡവും പേറി നിരാശയോടെ അവൻ ജീവിക്കുന്നു. ഇവിടെയാണ് അന്വേഷണങ്ങളുടെ ഗതി മാറേണ്ടത്. മുന്നിൽ കൃത്യമായി ദിശ വരച്ചു കാണിച്ചിട്ടും ചലനങ്ങൾക്ക് പുതിയ മാർഗം കണ്ടെത്തുന്ന മനുഷ്യൻ എന്നും നിരാശയുടെ കോമരം തുള്ളലിൽ തന്നെ.



അന്വേഷണങ്ങൾ അപരനെ കൂടി അറിയാനുള്ള മാർഗമാകട്ടെ. അന്വേഷണങ്ങൾ അപഥ സഞ്ചാരം കണ്ടെത്താനുള്ള ചുവടുവെപ്പുകളാകട്ടെ അന്വേഷണങ്ങൾ സ്വയം അറിയാനുള്ള ദീപക്കാഴ്ചകളാവട്ടെ. അറിഞ്ഞത് മറ്റുള്ളവരെ അറിയിക്കാനുള്ള ത്വരയുടെ ഭാഗമായി അന്വേഷണങ്ങൾ മാറുമ്പോൾ ആരെയും അറിയാൻ നാം ശ്രമിക്കും. അത്തരത്തിലുള്ള ശ്രമങ്ങൾ വീണ്ടും നമ്മളിൽ നിന്നും ഉണ്ടാകട്ടെ. എവിടെയും മൂല്യം കണ്ടെത്താനുള്ള ശ്രമങ്ങൾ, അതാവട്ടെ അന്വേഷണം.

## ദി ചർച്ച് ഓഫ് ഗോഡ്. റായ്പുരിൽ ഓഗസ്റ്റ് 7 മുതൽ 11 വരെ 5 ദിവസത്തെ ബൈബിൾ സ്റ്റഡി ക്ലാസ്സ്

എ. റ്റി. എബ്രഹാം, റായിപുർ

റായിപുർ: ദി ചർച്ച് ചർച്ച് ഓഫ്.ഗോഡ് രാജതലാബ് റായ്പുരിൽ ഓഗസ്റ്റ്7ന് രാവിലെ 10മണി മുതൽ 2കോരിന്ത്യലേഖനം ആസ്പദമാക്കി ബൈബിൾ സ്റ്റഡി ക്ലാസ്സ് നടക്കും. പാസ്റ്റർ തോമസ് മാമ്മൻ നയിക്കുന്ന ക്ലാസ്സുകളിൽ റായിപുരിന് പുറമെ മറ്റു ശാഖകളിലെ പാസ്റ്റർമാരും വിശ്വാസികളും പങ്കെടുക്കും.08–ാംതീയതി മുതൽ 10രാവിലെ 08 മണി മുതൽ വൈകുന്നേരം 9 മണി വരെയും 11.രാവിലെ 8 മണിക്ക് ആരംഭിച്ചു ഉച്ചക്ക് 2 മണിക്ക് ക്ലാസുകൾ സമാപിക്കും. ഹിന്ദി ഭാഷയിൽ നടത്തുന്ന ക്ലാസുകൾ Fm റേഡിയോയിൽ തത്സമയം ലഭിക്കും. tcgraipur. caster. fm.

## പത്ത് വയസ് കഴിഞ്ഞ പെൺകുട്ടികൾ സ്കൂളിൽ പോകുന്നത് വിലക്കി താലിബാൻ

അഫ്ഗാനിസ്ഥാനിലെ ചില പ്രവിശ്യകളിൽ പത്തു വയസിന് മുകളിലുള്ള പെൺകുട്ടികൾ സ്കൂളിൽ പോയി പഠിക്കുന്നത് വിലക്കി താലിബാൻ. ഘാസി പ്രവിശ്യയിൽ അടക്കം പെൺകുട്ടികൾ സ്കൂളിൽ പോകുന്നത് താലിബാൻ വിലക്കിയതായാണ് റിപ്പോർട്ടുകൾ. പത്തു വയസിന് മുകളിലുള്ള പെൺകുട്ടികളെ സ്കൂളിൽ പഠിപ്പിക്കരുതെന്ന് സ്കൂൾ അധികൃതർക്ക് താലിബാൻ വിദ്യാഭ്യാസ മന്ത്രാലയം നിർദേശം നൽകി. നേരത്തെ, കലാലയങ്ങളിൽ പെൺകുട്ടികൾ പഠിക്കുന്നത് വിലക്കി താലിബാൻ ഉത്തരവിറക്കിയിരുന്നു.

# പാകിസ്ഥാനിൽ ട്രെയിൻ പാളം തെറ്റി, 22 മരണം



ഇസ്ലാമാബാദ്:പാകിസ്താനിൽ വൻ ട്രെയിൻ അപകടം. പാസഞ്ചർ ട്രെയിനിന്റെ 10 ബോഗികൾ പാളം തെറ്റി 22 പേർ മരിച്ചു. റാവൽപിണ്ടിയിലേക്ക് പോകുകയായിരുന്നു ഹസാര എക്സ്പ്രസാണ് അപകടത്തിൽപ്പെട്ടത്. ഷഹ്സാദ്പൂരിനും നവാബ്ഷായ്ക്കും ഇടയിൽ സ്ഥിതി ചെയ്യുന്ന സഹാറ റെയിൽവേ സ്റ്റേഷന് സമീപമാണ് അപകടമുണ്ടായത്. സംഭവത്തിൽ 50 പേർക്ക് പരിക്കേറ്റിട്ടുണ്ടെന്നാണ് വിവരം. കറാച്ചിയിൽ നിന്ന് പാകിസ്താനിലെ പഞ്ചാബിലേക്ക് പോകുകയായിരുന്ന തീവണ്ടിയാണ് അപകടത്തിൽപ്പെട്ടത്. പരിക്കേറ്റവരെ നവാബ്ഷായിലെ പീപ്പിൾസ് മെഡിക്കൽ ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുകയാണ്. അപകടത്തെ തുടർന്ന് സമീപത്തെ ആശുപത്രികളിൽ എമർജൻസി പ്രോട്ടോക്കോൾ നടപ്പാക്കി. പാളം തെറ്റിയതിന് പിന്നിലെ കൃത്യമായ കാരണം ഇതുവരെ അറിവായിട്ടില്ലെന്നാണ് ഉദ്യോഗസ്ഥർ പറയുന്നത്.

## കേരളാ തീരത്ത് ഉയർന്ന തിരമാല ; ജാഗ്രത നിർദേശം

കേരള തീരത്ത് ഇന്ന് (ആഗസ്റ്റ് ആറ് ) രാത്രി 11.30 വരെ 2.5 മുതൽ 2.6 മീറ്റർ വരെയും തെക്കൻ തമിഴ്നാട് തീരത്ത് ഇന്ന് രാത്രി 11.30 വരെ 2.6 മുതൽ 3.0 മീറ്റർ വരെ ഉയർന്ന തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം. ഈ സാഹചര്യത്തിൽ മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിക്കണമെന്ന് സംസ്ഥാനദുരന്ത നിവാരണ അതോറിറ്റി അറിയിച്ചു.

CNL7 MEDIA

# CHRISTIANLIVE DAILY

Vol. 2 Issue 184

6 Sunday

Pages 5

553

